ഗവ എൽ.പി.എസ്
ചാന്നാങ്കര

# അക്കാദമിക മാസ്റ്റർ പ്ലാൻ

2025 - 2026

# അടിസ്ഥാന വിവരങ്ങൾ

| | | |
|---|---|---|
| 1. | വിദ്യാലയത്തിന്റെ പേര് | : ജി.എൽ.പി.എസ് ചാന്നാങ്കര. |
| 2. | വിലാസം | : ജി. എൽ.പി.എസ്. ചാന്നാങ്കര. |
| 3. | ഫോൺ (മൊബൈൽ) | : 9495829394 |
| | (ഓഫീസ്) | : |
| 4. | സ്കൂൾ കോഡ് | : 43403 |
| 5. | വിദ്യാഭ്യാസ ഉപജില്ല | : കണിയാപുരം |
| 6. | വിദ്യാഭ്യാസ ജില്ല | : തിരുവനന്തപുരം |
| 7. | ബി. ആർ. സി | : കണിയാപുരം |
| 8. | സി. ആർ. സി | : കണിയാപുരം |
| 9. | ഗ്രാമപഞ്ചായത്ത് | : കഠിനംകുളം |
| 10. | ബ്ലോക്ക് പഞ്ചായത്ത് | : പോത്തൻകോട്. |
| 11 | ജില്ലാ പഞ്ചായത്ത് | : തിരുവനന്തപുരം |
| 12. | നിയമസഭാ മണ്ഡലം | : ചിറയിൻകീഴ് |
| 13. | ലോക്സഭാ മണ്ഡലം | : ആറ്റിങ്ങൽ |
| 14. | താലൂക്ക് | : തിരുവനന്തപുരം |
| 15. | വില്ലേജ് | : കഠിനംകുളം |
| 16. | ഇ. മെയിൽ | : glpsckkara1919@gmail.com |

## ആമുഖം

കരിംകുളം ഗ്രാമപഞ്ചായത്തിലെ ചാന്നാങ്കര എന്ന ഗ്രാമത്തിലാണ് വിദ്യാലയം സ്ഥിതി ചെയ്യുന്നത്. അറബിക്കടലിനും പാർവ്വതി പുത്തനാറിനും സമീപത്തായി സ്ഥിതിചെയ്യുന്ന സ്കൂളിന് 100 വർഷത്തോളം പഴക്കമുണ്ട്. രാജഭരണകാലത്ത് പാർവ്വതി പുത്തനാർ വഴി ഗതാഗതവും കച്ചവടവും നടന്നിരുന്നതായി പറയപ്പെടുന്നു. മത്സ്യ-തൊഴിലാളികൾ, കയർത്തൊഴിലാളികൾ, മറ്റു കൂലിപ്പണിക്കാർ തുടങ്ങി ഇന്നാട്ടിലെ ഭൂരിഭാഗം ജനങ്ങളും തലമുറകളായി പ്രാഥമിക വിദ്യാഭ്യാസം നടത്തിപ്പോരുന്നത് ഈ വിദ്യാലയത്തിലാണ്.

## ലക്ഷ്യങ്ങൾ

* പ്രീ. പ്രൈമറി മുതൽ നാലാം ക്ലാസ്സുവരെയുള്ള കുട്ടികൾക്ക് സൗജന്യവും ഫലപ്രദവുമായ വിദ്യാഭ്യാസം ഉറപ്പുവരുത്തുക.

* കുട്ടികളുടെ പഠനനിലവാരം ഉയർത്തുന്നതിനായി അക്കാദമികവും ഭൗതികവുമായ സാഹചര്യങ്ങളുടെ വികസനം.

* അതാതു ക്ലാസ്സുകളിൽ കുട്ടി നേടേണ്ട ശേഷികൾ നേടിയെടുത്തുവെന്ന് ഉറപ്പു വരുത്തുന്നതിന് ആവശ്യമായ പഠനപ്രവർത്തനങ്ങളുടെ ആസൂത്രണം.

* വിദ്യാലയം ഹാപ്പി സ്കൂൾ ആക്കുന്നതിനുള്ള പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്യുക.

* വിവിധ കളികളിലൂടെയും പഠനപ്രവർത്തനങ്ങളിലൂടെയും കുട്ടികളിൽ സാമൂഹികബോധവും സംഘബോധവും സൃഷ്ടിക്കുവാനുള്ള അവസരങ്ങൾ ഒരുക്കുക.

* പഠനപ്രവർത്തനങ്ങൾ, വൈകാരികമേഖല, ശാരീരിക വികാസമേഖല, സാമൂഹിക വികാസ മേഖല, വൈജ്ഞാനിക മേഖല എന്നീ മേഖലകളിൽ ഉൾപ്പെടുത്തി ആസൂത്രണം ചെയ്യുക.

* പഠനപുരോഗതിയ്ക്കൊപ്പം കുട്ടി, ജനാധിപത്യ മൂല്യങ്ങളും സൗഹൃദ മനോഭാവവും വളർത്തിയെടുക്കുന്നതിനുള്ള പ്രവർത്തനങ്ങൾ നടപ്പിലാക്കുക.

* ഇംഗ്ലീഷ്, മലയാളം ഭാഷകളിൽ ആശയ വിനിമയ ശേഷി വളർത്തുക.

* ഭിന്നശേഷി സൗഹൃദ വിദ്യാലയം ആക്കുന്നതിന് വേണ്ട പ്രവർത്തനങ്ങൾ നടപ്പിലാക്കുക.

* കുട്ടികളിൽ ഗണിത പഠനം ലളിതമാക്കുന്നതിനും രസകരമാക്കുന്നതിനും വേണ്ട പ്രവർത്തനങ്ങൾ നടപ്പിലാക്കുക.

* പ്രകൃതി സ്നേഹം വളർത്തിയെടുക്കാനും, പരീക്ഷണ - നിരീക്ഷണങ്ങളിലൂടെ പരിസര പഠനം താൽപര്യമുള്ളതാക്കാനും ഉദ്ദേശിച്ചുള്ള പ്രവർത്തനങ്ങളുടെ ആവിഷ്കാരം

* വിദ്യാലയം 'ഹരിതവിദ്യാലയം' ആക്കുന്നതിനു പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്യുക.

# വിദ്യാലയത്തിന്റെ ചരിത്രം.

1919-ൽ ശ്രീ പരമേശ്വരൻപിള്ള തന്റെ നാട്ടിലെ ജനങ്ങളെ സാക്ഷരരാക്കണം എന്ന് ഉദ്ദേശത്തോടുകൂടി കുറെ കുട്ടികളെക്കൂടി ഈ പരിസരത്തുള്ള ഒരു കള്ളുഷാപ്പ് കുടിപ്പള്ളിക്കൂടമാക്കി അധ്യാപനം തുടങ്ങി. തുടർന്ന് ഗവൺമെന്റ് നൽകിയ 73 സെന്റ് സ്ഥലത്ത് 1948-ൽ പുതിയ സ്കൂൾ കെട്ടിടം ഉദ്ഘാടനം ചെയ്തു. ഈ സ്കൂളിന്റെ ആദ്യത്തെ പ്രഥമാധ്യാപകൻ കഠിനംകുളം സുകുമാരപിള്ള ആയിരുന്നു.

അക്കാദമിക മികവുകൊണ്ടും ഭൗതിക സാഹചര്യങ്ങളുടെ മികവുകൊണ്ടും കഠിനംകുളം പഞ്ചായത്തിലെ ഉന്നതനിലവാരം പുലർത്തുന്ന വിദ്യാലയങ്ങളിലൊന്നായി മാറാൻ ഈ വിദ്യാലയത്തിന് കഴിഞ്ഞിട്ടുണ്ട്. പ്രീ. പ്രൈമറി മുതൽ 4-ാം ക്ലാസ്സ് വരെയുള്ള ഈ സ്കൂളിൽ അധ്യാപകരും അനധ്യാപകരും ഉൾപ്പടെ 14 പേർ ജോലിചെയ്തുവരുന്നു.

# വിദ്യാലയം മികവിന്റെ കേന്ദ്രം - കാഴ്ചപ്പാട്.

* നാളെയുടെ നല്ല പൗരൻമാരായി കുട്ടികളെ വാർത്തെടുക്കാനുള്ള ഒരിടമായി വിദ്യാലയം മാറുക.

* സ്കൂളിലെ മുഴുവൻ കുട്ടികളും അക്കാദമിക പ്രവർത്തനങ്ങളിൽ സജീവ താൽപര്യത്തോടെ പങ്കെടുക്കുന്നുവെന്ന് ഉറപ്പിക്കൽ.

* കാർഷികവൃത്തി കുട്ടികളിൽ പ്രോത്സാഹിപ്പിക്കുന്നതിനുള്ള സാഹചര്യം ഒരുക്കുക.

* പരിസ്ഥിതി സംരക്ഷണത്തിന്റെ ആവശ്യകത വ്യക്തമാക്കുന്ന പ്രവർത്തനങ്ങളിൽ കുട്ടികളെ പങ്കാളികളാക്കൽ.

* ജനാധിപത്യ മൂല്യങ്ങൾ കുട്ടികളിൽ രൂപപ്പെടുന്നതിനുള്ള സാഹചര്യം ഒരുക്കുക.

* വിദ്യാലയം ഹരിതാഭമാക്കാനുള്ള പ്രവർത്തനങ്ങളിൽ കുട്ടികളുടെ പങ്കാളിത്തം ഉറപ്പാക്കുക.

* ശുചിത്വം, മാലിന്യനിർമ്മാർജ്ജനം തുടങ്ങിയ ശീലങ്ങൾ രൂപപ്പെടുന്നതിനുള്ള സാഹചര്യം ഒരുക്കുന്നു.

പദ്ധതി രൂപീകരണപ്രക്രിയ- വിവിധ ഘട്ടങ്ങൾ

* സ്കൂളിന്റെ മാസ്റ്റർ പ്ലാനിന് ഒരു പേര് നിർദ്ദേശിക്കൽ

* SRG യിൽ ചിന്താകര സ്കൂളിന്റെ മാസ്റ്റർ പ്ലാൻ അവതരിപ്പിക്കലും ചർച്ചയും
* സ്കൂളിന്റെ വികസനത്തിനാവശ്യമായ 4-10 ക്ലാസുവരെയുള്ള വിഷയം അടിസ്ഥാനത്തിൽ ഭൗതികം, അക്കാദമികം, സാമൂഹികം എന്നിങ്ങനെ തിരിച്ച് ഒരു രൂപരേഖ തയ്യാറാക്കുന്നു.
* ഈ രൂപരേഖ SRG, SMC, PTA, MPTA തുടങ്ങിയവരടങ്ങുന്ന സഭയിൽ അവതരിപ്പിക്കുന്നു.
* പ്രസ്തുത സഭയിൽ ഉയർന്നുവന്ന നിർദ്ദേശങ്ങളും അഭിപ്രായങ്ങളും കൂട്ടിച്ചേർക്കൽ

* സ്കൂൾ PTA യുടെ നേതൃത്വത്തിൽ പദ്ധതി ക്രോഡീകരിച്ച് പ്ലാൻ തയ്യാറാക്കുന്നു.

## നിലവിലെ ഭൗതികസാഹചര്യ വിശകലനം

A. ഭൗതികം - നേട്ടങ്ങൾ

MP, MLA മന്ത്രി, പ്രമുഖ വ്യക്തികളിൽ നിന്ന് ലഭിച്ച ഫണ്ടുകളുപയോഗിച്ച് വിശാലമായ ഓഡിറ്റോറിയവും കുട്ടികൾക്കാവശ്യമായ ഫർണിച്ചറുകളും സ്കൂളിൽ എത്തിക്കാൻ സാധിച്ചു. പഞ്ചായത്തിന്റെ വിഹിതമായി 55k വരെ ലഭിക്കുന്ന ഫണ്ടുപയോഗിച്ച് Major Maintanence പോലെ ഭൗതികസാഹചര്യങ്ങളുടെ വികസനം എന്നിവ നടപ്പിലാക്കി.

B. ഭൗതികം - പരിമിതികൾ

ക്ലാസ് മുറികളുടെയും ലൈബ്രറികെട്ടിടത്തിന്റെയും കുറവ് ഈ സ്കൂളിൽ അനുഭവപ്പെടുന്നുണ്ട്. ജൈവവൈവിധ്യ പാർക്ക്, പൂന്തോട്ടം, ഔഷധസസ്യത്തോട്ടം എന്നിവയും സ്കൂളിന്റെ ആവശ്യങ്ങളിൽ പെടുന്നു. സ്കൂൾ വാഹനം പാർക്ക് ചെയ്യാനുള്ള ഷെഡ്, കളിസ്ഥലം, ഡൈന-ഹാൾ ആയ പാചകപ്പുര എന്നിവയും സ്കൂളിന്റെ ആവശ്യങ്ങളിൽപ്പെടുന്നു.

A. അക്കാദമികം - നേട്ടം

2024-25 വർഷത്തെ ഹരിത & വിദ്യാലയത്തിനുള്ള പുരസ്കാരം ലഭിച്ചു.

2025 പോത്തൻകോട് ബ്ലോക്ക് പഞ്ചായത്തും തദ്ദേശസ്വയം ഭരണവകുപ്പും ചേർന്ന് നടത്തിയ മാലിന്യമുക്ത നവകേരളം ക്യാമ്പയിനിൽ നിന്നും മികച്ച മാലിന്യമുക്ത സ്കൂൾ എന്ന പുരസ്കാരം ലഭിച്ചു.

8. അക്കാദമികം - പരിമിതികൾ

* കലാ - കായിക അധ്യാപകരുടെ അഭാവം
* നിലവിലുള്ള ക്ലാസ് മുറികൾ സ്മാർട്ട് ക്ലാസ് റൂം ആകാത്തത്.
* ലൈബ്രറിയുടെ അഭാവം

## മികവിനായി ഏറ്റെടുക്കേണ്ട പ്രവർത്തനങ്ങൾ ഒറ്റനോട്ടത്തിൽ

| അക്കാദമികം | ഭൗതികം | സാമൂഹികം |
|---|---|---|
| ഭാഷാശേഷി വികസനം | ഹൈടെക് ക്ലാസ് മുറി | പി.ടി.എ ശക്തിപ്പെടുത്തൽ |
| ഗണിതശേഷി വികസനം | ക്ലാസ് ലൈബ്രറി | SMC കാര്യക്ഷമമാക്കൽ |
| വായനാശേഷി | ന്യൂസ് റൂം | വിദ്യാലയവികസനസമിതി |
| ക്ലാസ് ലൈബ്രറി | സ്മാർട്ട് ക്ലാസ് റൂം | സന്നദ്ധസംഘടനകൾ ക്ലബ്ബുകൾ |
| കലാകായിക മേളകൾ | കളിസ്ഥലം | പൂർവ്വവിദ്യാർത്ഥികൾ |
| ക്ലാസ് PTA സജീവം | അടുക്കള നവീകരണം | ഗ്രന്ഥശാലകൾ |
| SRG ശക്തിപ്പെടുത്തൽ | ഡൈനിംഗ് ഹാൾ | ഗൃഹസന്ദർശനം |
| ഗണിതലാബ് | ഔഷധത്തോട്ടം | SMC, MPTA, SSG ബന്ധം ശക്തിപ്പെടുത്തൽ |
| സയൻസ് ലാബ് | സയൻസ് ലാബ് | വ്യവസായ ഗ്രൂപ്പുകൾ |
| പ്രവൃത്തി പരിചയ പഠനം | ഗണിത ലാബ് | Class PTA മാതൃകാപരമാക്കുക |
| ഔഷധസസ്യത്തോട്ടം | കളിയുപകരണങ്ങൾ | വിദ്യാലയമികവുകൾ പൊതുസമൂഹത്തിന് പങ്കിടൽ |
| | | വിദ്യാലയ വിഭവങ്ങൾ പൊതുസമൂഹത്തിന് കൂടി പ്രയോജനപ്പെടുത്താം. |

മേഖല - അക്കാദമികം.

വിഷയം : മലയാളം

| ക്രമ നം | ലക്ഷ്യം | പ്രവർത്തനം | പ്രവർത്തന വിശകലനം | കാലയളവ് | അവതരണ സന്ദർഭം |
|---|---|---|---|---|---|
| 1. | അടിസ്ഥാന ഭാഷാശേഷി വികാസം | ആശയ ഗ്രഹണത്തിനും പ്രകടനത്തിനുമുള്ള അവസരം. | കുഞ്ഞു കഥകൾ, കവിതകൾ എന്നിവ കേൾക്കുന്നതിലൂടെയും പറയുന്നതിലൂടെയും ഭാഷാശേഷി വികസിക്കുന്നു. | ജൂൺ-മാർച്ച് | ക്ലാസ്മുറി അസംബ്ലി. |
| 2. | ഭാഷാപരമായ പിന്നോക്കാവസ്ഥ പരിഹരിക്കാൻ. | മലയാള മധുരം വായനക്കാർഡ് | കുഞ്ഞു കഥകൾ, കവിതകൾ എന്നിവ വായിക്കാൻ അവസരം നൽകുന്നതിലൂടെയും വായനക്കാർഡുകൾ, ഭാഷാ കളി എന്നിവ നൽകുന്നതിലൂടെയും പിന്നോക്കാവസ്ഥയിലുള്ള കുട്ടികൾക്ക് പിന്തുണ നൽകുന്നു. | ലക്ഷ്യം നേടുന്നതു വരെ. | ക്ലാസ്മുറി വീട്. |

| | | | | |
|---|---|---|---|---|
| വായനയുടെ വിവിധ തലങ്ങൾ പരിചയപ്പെടുത്തി മികച്ച വായനക്കാരനാക്കുന്നു. | വായന പരിപോഷണം | കുട്ടികളെ മികച്ച വായനക്കാർ ആക്കുന്നതിനായി വിവിധ പ്രവർത്തനങ്ങൾ സംഘടിപ്പിക്കുന്നു.<br>→ ക്ലാസ് ലൈബ്രറി ഒരുക്കുന്നു.<br>→ വായനക്കളരി<br>→ പത്ര വായന<br>→ ആനുകാലിക വായന<br>- ആസ്വാദനക്കുറിപ്പ്<br>- പത്രക്വിസ്<br>→ റീഡേഴ്സ് തിയേറ്റർ | ജൂൺ<br>ജൂൺ - മാർച്ച് | ക്ലാസ് മുറി<br>വീട്<br>ലൈബ്രറി |
| എഴുത്തിന്റെ വിവിധ തലങ്ങൾ പരിചയപ്പെടുത്തുകയും | വായനക്കുറിപ്പ് | കുട്ടികൾക്ക് വിവിധ എഴുത്തുകാരുടെ പുസ്തകങ്ങൾ നൽകുന്നു. വായിച്ചതിന് | ജൂൺ - മാർച്ച്. | ക്ലാസ് മുറി |

| | | | | |
|---|---|---|---|---|
| കാര്യം സന്ദർഭാനുകൂല രചനകളിൽ ഏർപ്പെടുകയും ചെയ്യുന്നു. | | ശേഷം വായനക്കുറിപ്പ് തയ്യാറാക്കുന്നു. | | |
| | ആസ്വാദന കുറിപ്പ് തയ്യാറാക്കുന്നു | കുട്ടികൾ കവിതകൾ വായിച്ചതിനു ശേഷം ആസ്വാദനക്കുറിപ്പ് തയ്യാറാക്കുന്നു | ജൂൺ - മാർച്ച് | ക്ലാസ്മുറി വീട്. |
| | സംയുക്ത ഡയറി | 1, 2 ക്ലാസിലെ കുട്ടികൾ മാതാപിതാക്കളുടെ സഹായത്തോടെ ഡയറി എഴുതുന്നു. | ജൂൺ - മാർച്ച് | വീട് |
| | ഡയറി എഴുത്ത് | ദൈനംദിന ജീവിതത്തിൽ നടക്കുന്ന പ്രധാനപ്പെട്ട സംഭവങ്ങൾ കുട്ടികൾ തന്റേതായ രീതിയിൽ എഴുതുന്നു. | ജൂൺ - മാർച്ച്. | വീട് |

| | | | | |
|---|---|---|---|---|
| | ചെറു പരിപാടികൾ സംഘടിപ്പിക്കൽ | കുട്ടികളുടെ സർഗ്ഗാത്മകത വളർത്തുന്നതിനു കൊണ്ട് അവർ രചിക്കുന്ന കുഞ്ഞു കവിതകൾ, കഥകൾ എന്നിവ പ്രകാശനം ചെയ്യുന്നു. | നവംബർ – ഫെബ്രുവരി | P.T.A അംഗങ്ങൾ |
| 5. | ഭാഷാപഠനത്തിന്റെ ഭാഗമായി നേടിയ ശേഷികളുടെ അവതരണം. | കലാസന്ധ്യ | കുട്ടികൾ നേടിയ സർഗ്ഗശേഷികൾ അതത് വിഷയങ്ങളെ അവതരിപ്പിക്കുന്നതിനുള്ള അവസരം ഒരുക്കുന്നു. | ജനുവരി | സ്കൂൾ അധ്യാപകരും. |
| 6. | സാഹിത്യപ്രതിഭകളെ അടുത്തറിയാം. | സാഹിത്യകാരന്മാരുമൊത്ത് അഭിമുഖം. | പഠനപ്രവർത്തനങ്ങളുടെ ഭാഗമായി സാഹിത്യകാരന്മാരെ കാണാനും അവരോട് സംവദിക്കാനുമുള്ള അവസരം ഒരുക്കുന്നു. | ജനുവരി – ഫെബ്രുവരി | സ്കൂൾ അധ്യാപകരും. |

## വിഷയം : ഇംഗ്ലീഷ്.

| Sl No | ലക്ഷ്യം | പ്രവർത്തനം | പ്രവർത്തന വിശദീകരണം | കാലയളവ് | അവതരണ സന്ദർഭം |
|---|---|---|---|---|---|
| 1. | ഇംഗ്ലീഷ് ഭാഷ ധാരാളമായി കേൾക്കാനുള്ള അവസരം ഒരുക്കൽ | കാർട്ടൂൺ, സിനിമ പ്രദർശനം | ഇംഗ്ലീഷ് ഭാഷ കേൾക്കുന്നതിനായി കഥകൾ, കവിതകൾ കാർട്ടൂണുകൾ എന്നിവ പ്രദർശിപ്പിക്കുന്നു. | ജൂൺ - മാർച്ച് | ക്ലാസ് മുറി |
| 2. | ആത്മവിശ്വാസത്തോടെ ഇംഗ്ലീഷ് സംസാരിക്കാനുള്ള അവസരം ഒരുക്കുന്നു. | Let's talk | പാഠഭാഗവുമായി ബന്ധപ്പെട്ട സന്ദർഭങ്ങൾ കുട്ടികൾ ക്ലാസിൽ അവതരിപ്പിക്കുന്നു. | ജൂൺ - മാർച്ച് | ക്ലാസ് മുറി |
| 3. | ഇംഗ്ലീഷ് അസംബ്ലി. | | | | |
| 3 a) | ഇംഗ്ലീഷ് വാക്കുകൾ എഴുതാനും, സംസാരിക്കാനുമുള്ള ശേഷി നേടുന്നു. | ഇംഗ്ലീഷ് അസംബ്ലി | ആഴ്ചയിൽ ഒരു ദിവസം ഇംഗ്ലീഷ് അസംബ്ലി സംഘടിപ്പിക്കുന്നു. | ജൂൺ - മാർച്ച് | അസംബ്ലി |
| b) | | ഇംഗ്ലീഷ് ഡയറി | ദൈനംദിന പ്രവർത്തനങ്ങൾ ഡയറി എഴുതുന്നു. | ജൂൺ - മാർച്ച് | ക്ലാസ് മുറി |
| | വായന- അഭിരുചി [illegible] | ക്ലാസ്- ലൈബ്രറി വികസനം | കുട്ടിക്കഥകളും കവിതകളും അടങ്ങിയ പുസ്തകങ്ങൾ ശേഖരിച്ച് ഇംഗ്ലീഷ് ലൈബ്രറി വികസിപ്പിക്കുന്നു | ജൂൺ - മാർച്ച് | ക്ലാസ് മുറി |

9567705211

8089223954

COOK 85938711[illegible]

# വിഷയം : പരിസര പഠനം.

| ക്രമ നം | ലക്ഷ്യം | പ്രവർത്തനം | പ്രവർത്തന വിശകലനം | കാലയളവ് | അവതരണ സന്ദർഭം |
|---|---|---|---|---|---|
| 1. | ചുറ്റുപാടുമുള്ള വസ്തുക്കൾ നിരീക്ഷിച്ച് തിരിച്ചറിയുന്നു. | പ്രകൃതി നടത്തം | ചുറ്റുപാടുമുള്ള ജന്തുക്കൾ, പക്ഷികൾ, സസ്യങ്ങൾ എന്നിവയെ നിരീക്ഷിച്ച് അവയുടെ പ്രത്യേകതകൾ തിരിച്ചറിയാൻ ഇടവരുന്നു. | ജൂൺ-സെപ്റ്റംബർ | സ്കൂൾ, വീട് |
| 2. | നാടൻ വിഭവങ്ങൾ തിരിച്ചറിയുന്നതിന് | രുചി മേളം | സ്കൂൾതലത്തിൽ നാടൻ വിഭവങ്ങളുടെ മേള സംഘടിപ്പിക്കുന്നു. | സെപ്റ്റംബർ-ഒക്ടോബർ | സ്കൂൾ |
| 3. | ശാസ്ത്രപഠനത്തിൽ താൽപര്യം ജനിപ്പിക്കൽ | ശാസ്ത്രയാത്ര | കുട്ടികൾക്ക് ശാസ്ത്രപഠനത്തിൽ താൽപര്യം വളർത്തുന്നതിനായി Science park, ഫോക്ക് ലോർ അക്കാദമി എന്നിവ സന്ദർശിക്കുന്നു. | ഡിസംബർ-ജനുവരി | ഫീൽഡ് ട്രിപ്പ് |
| 4) | | ചെറു പരീക്ഷണങ്ങളിൽ ഏർപ്പെടുന്നു. | പാഠഭാഗവുമായി ബന്ധപ്പെട്ട പരീക്ഷണങ്ങളിൽ കുട്ടികൾ ഏർപ്പെടുന്നു. | ആഗസ്റ്റ്-ഫെബ്രുവരി | ക്ലാസ് മുറി |

| ക്രമ നമ്പർ | ലക്ഷ്യം | പ്രവർത്തനം | പ്രവർത്തനവിശകലനം | കാലയളവ് | നിർവഹണ സന്ദർഭം |
|---|---|---|---|---|---|
| 5 | പ്രകൃതി വിഭവ സംരക്ഷണം | ജൈവ-വൈവിധ്യ പാർക്ക് | കൂടുതൽ ജൈവവൈവിധ്യ സസ്യങ്ങൾ നട്ടുപിടിപ്പിച്ച് ജൈവവൈവിധ്യ പാർക്ക് വിപുലീകരിക്കുന്നതിലൂടെ പരിസ്ഥിതി സംരക്ഷണ പ്രവർത്തനങ്ങളിൽ പങ്കാളിത്തം ഉറപ്പുവരുത്തുന്നു. | ജൂൺ-മാർച്ച് | സ്കൂൾ പരിസരം |

# വിഷയം : ഗണിതം.

| ക്രമ നം | ലക്ഷ്യം | പ്രവർത്തനം | പ്രവർത്തന വിശദീകരണം | കാലയളവ് | അവതരണ സന്ദർഭം |
|---|---|---|---|---|---|
| 1. a) | കളികളും നിർമ്മാണ പ്രവർത്തനങ്ങളും ഉൾപ്പെടുത്തി ഗണിതം ലളിതമാക്കൽ | ഗണിതകേളി | കുഞ്ഞുകളികളിലൂടെ എണ്ണൽ സംഖ്യകൾ തിരിച്ചറിയുന്നു. | ജൂൺ - ആഗസ്റ്റ് | ക്ലാസ്മുറി |
| b) | | ജ്യാമിതീയ രൂപങ്ങളുടെ നിർമ്മാണം | പാഠഭാഗവുമായി ബന്ധപ്പെടുത്തി ത്രികോണം, ചതുരം, വൃത്തം എന്നിവ ഉപയോഗിച്ച് രൂപങ്ങൾ നിർമ്മിക്കുന്നു. | ജൂൺ - ജൂലൈ | ക്ലാസ്മുറി |
| 2. | ഗണിതചിന്തയെ വളർത്തൽ | ഒരു ദിനം ഒരു ചോദ്യം | ഗണിതത്തിലുള്ള താൽപര്യം വർധിപ്പിക്കുന്നതിനായി കുസൃതിക്കണക്കുകൾ, ഗണിതപസിലുകൾ, പരിചയപ്പെടുത്തുന്നു. | ജൂൺ - മാർച്ച് | ക്ലാസ്മുറി |
| 3. | ഗണിതപഠനം രസകരമാക്കൽ | ഗണിതലാബ് | കുട്ടികൾ ചാർട്ട് പേപ്പർ ഉപയോഗിച്ച് ത്രികോണ രൂപങ്ങൾ നിർമ്മിക്കുന്നു. | സെപ്റ്റംബർ | ക്ലാസ്മുറി |

| ക്രമ നമ്പർ | ലക്ഷ്യം | പ്രവർത്തനം | പ്രവർത്തന വിശദീകരണം | കാലയളവ് | നിർവ്വഹണ സന്ദർഭം |
|---|---|---|---|---|---|
| 4 | ഗണിതം ലളിതമാക്കാം കളികളിലൂടെ | ഗണിതോത്സവം | ജ്യാമിതീയ രൂപങ്ങളുടെ പ്രദർശനം പസിലുകൾ ഗണിതക്കളികൾ എന്നിവ ഉൾപ്പെടുത്തി ഗണിതോത്സവം നടത്തുന്നു | ജനുവരി- | സ്കൂൾ ഓഡിറ്റോറിയം |
| 5 | ചതുഷ്ക്രിയകൾ | ഗണിത വിജയം പ്രവർത്തനങ്ങളുടെ ഉപയോഗം | സംഖ്യാ കാർഡുകൾ, കളിനോട്ടുകൾ പരിചിത വസ്തുക്കൾ എന്നിവ ഉപയോഗിച്ച് കളികളിലൂടെയും, പാട്ടുകളിലൂടെയും ചതുഷ്ക്രിയകൾ ഉറപ്പിക്കാൻ. | ജൂലായ്- ഫെബ്രുവരി | ക്ലാസ് മുറി |

9567705211

8089223954

വർണ്ണക്കൂടാരം.

പ്രവർത്തന ഇടങ്ങളോടുകൂടിയ പ്രീ- സ്കൂൾ. അതാണ് വർണ്ണക്കൂടാരം 2025-26 അധ്യായന വർഷം നമ്മുടെ School-ന് SSK Stars പദ്ധതി പ്രകാരം വർണ്ണക്കൂടാരത്തിന് 10 ലക്ഷം രൂപ അനുവദിച്ചു.

ശാരീരിക ചാലകവികാസ മേഖല, ഭാഷാവികാസ മേഖല, സാമൂഹികവും വൈകാരികവുമായ വികാസ മേഖല, സർഗാത്മകവും സൗന്ദര്യാത്മകവുമായ വികാസ മേഖല എന്നിങ്ങനെയുള്ള വികാസ മേഖലകൾക്കാണ് പ്രീസ്കൂൾ വിദ്യാഭ്യാസത്തിൽ പരിഗണന നൽകുന്നത്. ഇതിനായി ഭൗതിക സൗകര്യങ്ങൾ ഒരുക്കേണ്ടതായിട്ടുണ്ട്. പ്രീസ്കൂളിന്റെ അകവും പുറവും കുട്ടിക്ക് സമൃദ്ധമായ അനുഭവങ്ങൾ ലഭിക്കാൻ പര്യാപ്തമാകണം. എല്ലാ ശേഷികൾക്കും വികാസ മേഖലകൾക്കും അർഹമായ പരിഗണന ഉറപ്പാക്കുന്നതിനാണ് വർണ്ണക്കൂടാരത്തിൽ 13 ഇടങ്ങൾ ഒരുക്കുന്നത്.

ചുവടെ നൽകിയിട്ടുള്ള ഇടങ്ങളാണ്. പരിപാടിയുടെ ഭാഗമായി
വർണ്ണക്കൂടാരം
ഒരുങ്ങുന്നത്.

- ഭാഷാവികാസയിടം
- ഗണിതയിടം
- വരയിടം
- കുഞ്ഞരങ്ങ്
- ആട്ടവും പാട്ടും
- ശാസ്ത്രാനുഭവയിടം
- ഹരിതോദ്യാനം
- പഞ്ചേന്ദ്രിയാനുഭവയിടം
- നിർമ്മാണയിടം
- കരകൗശലയിടം
- നൂതന സാങ്കേതികവിദ്യായിടം (e-ഇടം)
- അകം വാതിൽ കളിയിടം
- പുറം വാതിൽ കളിയിടം.

നമുക്ക് കിട്ടിയ ഒരു നമ്മുടെ
ഗവ LPS ചാന്നാങ്കരക്ക് ലഭിച്ച വർണ്ണക്കൂടാരം സ്കൂളിന്റെ ഭൗതിക സാഹചര്യങ്ങളിൽ വലിയ മാറ്റമാണ് ഉണ്ടാക്കുന്നത്. സ്കൂളും ക്ലാസ്സും സ്കൂൾ പരിസരവും വർണ്ണാഭമായ ചുറ്റുപാടിലേക്ക് മാറുന്നു. തീമുമായി ബന്ധപ്പെട്ട 13 ഇടങ്ങളും പ്രയോജനപ്പെടുത്തി അനുഭവങ്ങളിലൂടെ കൊണ്ടുപോകാൻ അക്കാദമികമായി വർണ്ണക്കൂടാരം സഹായിക്കുമെന്ന് ഉറപ്പുണ്ട്.

[illegible]

ശാസ്ത്ര കൗതുകം

പ്രകൃതിയിലെ വിസ്മയങ്ങളെ കൗതുകത്തോടെ നോക്കികാണുന്നവരാണ് കുട്ടികൾ. തന്റെ ചുറ്റുപാടിലെ കൗതുകങ്ങൾ നിരീക്ഷിച്ച് എന്തുകൊണ്ട്. എന്ന ചോദ്യം അവർ നിരന്തരം ഉന്നയിച്ചുകൊണ്ടേയിരിക്കും. അതിനാൽ ഉത്തരം നേരനുഭവങ്ങൾ കുട്ടികൾക്കു ലഭ്യമാകണം ശാസ്ത്രയിടത്തിനും ഗണിതയിടത്തിനും. പ്രക്രിയ ഇതിനുള്ള പ്രാധാന്യം വളരെ നിർണായകമാണ്. നിരന്തരം ചോദ്യങ്ങൾ ഉന്നയിക്കാനും. ശാസ്ത്രാന്വേഷണങ്ങളിലൂടെ ചോദ്യങ്ങൾക്ക് ഉത്തരം കണ്ടെത്താനും. നമ്മുടെ കുട്ടികളെ പ്രാപ്തരാക്കാൻ ശാസ്ത്രോത്സവങ്ങൾ വഴിയൊരുക്കും.

ഗണിതോത്സവം

പ്രീസ്കൂൾ തലത്തിൽ നൽകുന്ന ഓരോ പ്രവർത്തനത്തിലും കുട്ടിയുടെ ചലനാത്മകമായ പ്രകൃതം കളികളോടുള്ള താൽപര്യം ചുറ്റുപാടുകളോടുള്ള കൗതുകം തുടങ്ങിയവ പരിഗണിക്കണം

ചുറ്റുപാടിനെ നിരീക്ഷിക്കുന്നതിലൂടെ പ്രാഗ്ഗണിതാശയങ്ങൾ കുട്ടിയിൽ രൂപപ്പെടുന്നു. തുടർന്ന് താൻ ചുറ്റുമുള്ള ലോകത്തെ മനസ്സിലാക്കുന്നതിനുള്ള പ്രധാന ഉപാധിയായി ഗണിതചിന്തകൾ പ്രയോജനപ്പെടുന്നു. ഗണിത ചിന്തകൾ പ്രശ്ന പരിഹരണ[illegible]ത്തിലൂടെയും ഗണിതത്തിന്റെയും അതു പാഠങ്ങൾ കുട്ടി പ്രമായ ആശയങ്ങളിലൂടെ സ്വായത്തമാക്കുന്നത്. പ്രീസ്കൂൾ കാലത്താണ്. കളികളിലൂടെ മൂർത്തവും പരിചിതവുമായ വസ്തുക്കളെയും സംഭവങ്ങളെയും അടിസ്ഥാനമാക്കി പ്രാഗ് ഗണിതശേഷികൾ സ്വായത്തമാക്കുന്നതിനു മൂല്യങ്ങളും മനോഭാവങ്ങളും നൈപുണികളും വികസിപ്പിക്കുന്നതിനും കുട്ടികൾക്ക് കഴിയും.

# GLPS CHANNANKARA

| | |
|---|---|
| BREAK FAST COOK | 8593311169 |

| | | | | | |
|---|---|---|---|---|---|
| | വായനാ ലോകം<br><br>ലക്ഷ്യം<br><br>* കുട്ടിയെ വായനയുടെ ലോകത്തേക്ക് കൊണ്ടുവരൽ<br><br>* നല്ല വായനക്കാരനാക്കൽ | 1. തെരഞ്ഞെടുത്ത മികച്ച അറബിക് പുസ്തക ശേഖരം (അറബിക് ലൈബ്രറി)<br><br>പുസ്തകങ്ങൾ<br><br>* ചിത്ര കഥ (അറബിക്<br>* കഥ പുസ്തകം (അറബിക്)<br>* കുട്ടിക്കവിതകൾ (അറബിക്)<br>* ചെറിയ വിവരണ ബുക്കുകൾ (അറബിക്)<br>* അറബിക് ക്വിസ്<br><br>2. ക്ലാസ്സ് വായന:<br><br>ഓരോ അറബിക് പിരീഡിലും ആദ്യ അഞ്ച് മിനുട്ടിൽ ഒരാൾ ഒരു ബുക്കിന്റെ ഒരു പേജ് ഉറക്കെ വായിക്കുക<br><br>* വായിച്ച ബുക്കുകൾ രേഖപ്പെടുത്തി വെക്കുക<br><br>* കൂടുതൽ ബുക്കുകൾ വായിച്ച കുട്ടികൾക്ക് സമ്മാനം നൽകുക | [illegible] മാസം | സ്കൂൾ ലൈബ്രറി<br><br>ക്ലാസ് ലൈബ്രറി<br><br>പുസ്തകങ്ങൾ | സഹകരണം:<br><br>• അറബിക് അധ്യാപകർ<br>• റിട്ടയർ ചെയ്ത നാട്ടിലെ അറബി ഭാഷ അധ്യാപകർ<br>• ഭാഷ സ്നേഹികൾ<br>• നാട്ടിലെ അറബി രാജ്യങ്ങളിൽ ജോലി ചെയ്യുന്നവർ<br>• ഓരോ കുട്ടി ഓരോ ബുക്ക് സംഭാവന ചെയ്യൽ<br>• സ്പോൺസർഷിപ്പിലൂടെ പണം സമാഹരിക്കൽ<br>• സർക്കാർ ഫണ്ട് |

| | | | | | |
|---|---|---|---|---|---|
| 3 | ആസ്വാദന ലോകം | 1. **ആസ്വാദന സഭ:**<br>• പാഠ്യേതര പുസ്തകം കഴിയുന്ന മികച്ച പ്രതിഭകളെ കണ്ടെത്തി അവരുടെ കൃതികളെ ആസ്വദിപ്പിക്കുവാനും ശ്രമിക്കാനും ആസ്വാദനം സൃഷ്ടിപ്പിക്കുവാൻ തെരഞ്ഞെടുത്ത ആസ്വാദന സഭ ചേരുക<br>• മികവ് തെളിയിച്ച വിദ്യാർത്ഥികൾ തയ്യാറാക്കിയ സഭയിൽ ആസ്വാദനമാവണം<br><br>2. **കാഴ്ചയും കേൾവിയും:**<br>[illegible] ചേർത്തെടുത്ത മികച്ച അറബിക് കഥകളും പാട്ടുകളും ഷോർട്ട് ഫിലിമുകളും എൽ സി ഡി പ്രൊജക്റ്ററിന്റെ സഹായത്തോടെ കാണാനുള്ള അവസരം ഒരുക്കൽ<br><br>**ഉദാഹരണം:** കാർട്ടൂൺ കഥകൾ, ഗുണപാഠ കഥകൾ ആനിമേഷൻ വീഡിയോകൾ ധാർമിക കഥകൾ ഡോക്യുമെന്ററികൾ | 6 മാസം | സ്കൂൾ ഹാൾ<br><br>ലാംഗ്വേജ് ലാബ്<br><br>എൽ സി ഡി<br><br>കമ്പ്യൂട്ടർ | |

| | | | | | |
|---|---|---|---|---|---|
| 4 | **അറബി ലോകം**<br><br>(അറബിക് ലാംഗ്വേജ് ലാബ്) | വിദേശ ഭാഷ പഠനം ഏറ്റവും സാധ്യമാവുക ഭാഷാന്തരീക്ഷം സൃഷ്ടിക്കുമ്പോഴാണ്.<br>അതിനാൽ അറബി ഭാഷാ പഠനത്തിന് ലാംഗ്വേജ് ലാബ് ഉപയോഗപ്പെടുത്തുന്നു.<br><br>* തനതായ അറബി ഭാഷ കേൾക്കാനും അനുഭവിക്കാനും ഉതകുന്ന വീഡിയോകൾ കേൾക്കാനും കാണാനും സൗകര്യം ഉണ്ടാക്കുക.<br><br>* ഓരോരുത്തർക്കും (ഓരോ കമ്പ്യൂട്ടർ)/ എൽ.സി.ഡി പ്രൊജക്റ്ററിന്റെ സഹായത്തോടെ പാഠ പ്രവർത്തനവുമായി ബന്ധപ്പെട്ട തെരഞ്ഞെടുത്ത വീഡിയോകൾ/ പാട്ടുകൾ/ കഥകൾ/ സംഭാഷണങ്ങൾ കാണാനും കേൾക്കാനും അനുഭവിക്കാനുമുള്ള അവസരം | 1 മാസം | എൽ.സി.ഡി<br><br>കമ്പ്യൂട്ടർ<br><br>ലാംഗ്വേജ് ലാബ് | |
| 5 | പദപരിചയം<br><br>ലക്ഷ്യം: അറബി പദ സമ്പത്ത് വർദ്ധിപ്പിക്കൽ | **ഒരു പദം പരിചയ**പ്പെടാം<br><br>അറബിക് അധ്യാപകന്റെ മേൽനോട്ടത്തിൽ എല്ലാ ദിവസവും രാവിലെ | 1 വർഷം | മൈക്ക് | |

| | | | | | |
|---|---|---|---|---|---|
| | | പ്രാർത്ഥനക്ക് ശേഷം മുതിർന്ന ക്ലാസ്സിലെ ഒരു വിദ്യാർത്ഥി ക്ലാസ്സ് നമ്പർ അനുസരിച്ച് ഒരു അറബി പദം മൈക്കിലൂടെ അറബിയിൽ പരിചയപ്പെടുത്തുന്നു.<br><br>ക്ലാസ്സ് ലീഡർമാർ ആ പദം ബോർഡിൽ എഴുതുന്നു.<br><br>പ്രസ്തുത പദം അറബിക് നോട്ടീസ് ബോർഡിൽ പതിക്കുക..<br><br>എല്ലാ വിദ്യാർത്ഥികളും എഴുതിയെടുക്കുകയും മാസത്തിലൊരിക്കൽ ചെറിയ രൂപത്തിൽ വിലയിരുത്തൽ നടത്തുന്നു.<br><br>മികച്ചു നില്ക്കുന്ന വിദ്യാർത്ഥികൾക്ക് സമ്മാനം നല്കി പ്രോത്സാഹനം നല്കുന്നു | | | |
| 6 | അറബിക് അസംബ്ലി | ആഴ്ചയിൽ ഒരു ദിവസം അറബിക് അസംബ്ലി സംഘടിപ്പിക്കുക | 1 വർഷം | | |

| | | | | | |
|---|---|---|---|---|---|
| | | ചെറിയ വാർത്തകൾ അറബിയിൽ വായിക്കുക<br><br>ചെറിയ അറബിക് കുറിപ്പുകൾ വായിക്കുക<br><br>പുസ്തകം പരിചയപ്പെടുത്തൽ<br><br>സാഹിത്യകാരന്മാരെ പരിചയപ്പെടുത്തൽ | | | |
| 7 | **അറബിക് ഫെസ്റ്റ്** | അറബിക് ദിനത്തിലോ അല്ലാതെയോ ഒരു സ്കൂൾ ലെവൽ/ റവന്യൂ ലെവൽ അറബിക് ഫെസ്റ്റ് നടത്തുക<br><br>**കാര്യപരിപാടികൾ:**<br>• ഉദ്ഘാടനം<br>• ആദരിക്കൽ (ഇത് വരെ സ്കൂളിൽ നടന്ന അറബിക് മത്സരങ്ങളുടെ സമ്മാനദാന ചടങ്ങ്)<br>• മികച്ച അറബിക് കലാ അവതരണം<br>• തെരഞ്ഞെടുത്ത അറബിക് കവി/സാഹിത്യകാരൻ/ പണ്ഡിതൻ പങ്കെടുപ്പിക്കൽ ആദരിക്കൽ | | സ്കൂൾ ഹാൾ<br><br>പുസ്തകങ്ങൾ<br><br>സമ്മാനങ്ങൾ | പൂർവ്വ വിദ്യാർത്ഥികൾ<br><br>ഭാഷാ സ്നേഹികൾ<br><br>അറബി ഭാഷാ പ്രതിഭകൾ |

| | | | | | |
|---|---|---|---|---|---|
| | | • തെരഞ്ഞെടുത്ത അറബിക് ഡോക്യുമെന്ററി/ ആനിമേഷൻ പ്രദർശനം<br>• അറബിക് എക്സിബിഷൻ (അറബിക് ഭാഷാ ചരിത്രം, വികാസം, പ്രാധാന്യം, ഉപരി പഠനം, ജോലി സാധ്യത, ഭാഷാ സൗന്ദര്യം, അറബിക് കാലിഗ്രാഫി) | | | |
| 8 | **സ്കൂൾ വാർഷികം** | സ്കൂൾ വാർഷികത്തിൽ അറബിക് നാടകം/ ചിത്രീകരണം/ മോണോ ആക്റ്റ്/ വാർത്താ വായന തുടങ്ങിയ ഇനങ്ങൾ പ്രാക്റ്റീസ് നൽകി അവതരിപ്പിക്കൽ | | സ്കൂൾ കെട്ടിടം | പൂർവ്വ വിദ്യാർത്ഥികൾ<br><br>ഭാഷാ സ്നേഹികൾ<br><br>അറബി ഭാഷാ പഠിതാക്കൾ |
| 9 | **നല്ല** എഴുത്ത്<br><br>ലക്ഷ്യം<br>കുട്ടികളുടെ കയ്യെഴുത്ത് മെച്ചപ്പെടുത്തൽ | * അറബി ഭാഷയിലെ തനതായ സൗന്ദര്യ എഴുത്ത് (നസ്ഖ്, രിഖ്അ) എഴുത്തുകളാണ്<br><br>* ഓരോ കുട്ടികൾക്കും പ്രത്യേക വർക്ക്ഷീറ്റുകളും കോപ്പികളും നൽകി പരിശീലനം നൽകൽ | 1 വർഷം | പുസ്തകങ്ങൾ | |

| | | | | | |
|---|---|---|---|---|---|
| | | * വർഷത്തിൽ ഒരിക്കൽ കയ്യെഴുത്ത് മാഗസിൻ തയ്യാറാക്കുക.<br><br>* ചുമർ പത്രിക. | | | |
| 10 | ഡിജിറ്റൽ **ലോകം**<br><br>ലക്ഷ്യം:<br>• എല്ലാ കുട്ടികളും പ്രൈമറി പഠനം കഴിയും മുമ്പ് അനായാസ് കീ ബോർഡ് പഠിക്കൽ<br>• പവർ പോയന്റ് പരിജയപ്പെടൽ | ഈ കാലഘട്ടത്തിൽ കമ്പ്യൂട്ടർ പരിജ്ഞാനം അനിവാര്യമായതിനാൽ പ്രൈമറി ക്ലാസ്സിൽ നിന്നു തന്നെ കുട്ടികൾ കീ ബോർഡ് പരിചയപ്പെടുകയും ചെറിയ വാക്കുകൾ ടൈപ്പ് ചെയ്യാൻ കഴിവു നേടുകയും ചെയ്യണം<br><br>* ആഴ്ചയിൽ ഒരു സമയത്ത് കുട്ടികൾക്ക് ടൈപ്പിംഗ് പഠിക്കാൻ അവസരമൊരുക്കുക<br><br>* ഫോട്ടോകളും ടൈപ്പ് ചെയ്ത വാക്കുകളും ചേർത്ത് ചെറിയ പി.പി.ടി കൾ ഉണ്ടാക്കാൻ പരിചയപ്പെടുക. | 1 വർഷം | | |
| 11 | **എഴുത്തിന്റെ ലോകം:** | • ക്ലാസ്സ് മാസിക നിർമ്മാണം<br>• ചുമർ പത്രിക നിർമ്മാണം<br>• വായനാ കാർഡ് നിർമ്മാണം | | ചാർട്ട്<br><br>കളർ | |

| | | | | | |
|---|---|---|---|---|---|
| | | (മാതൃക നൽകി മത്സരം നടത്തി നല്ലത് കണ്ടെത്തി വീണ്ടും ശരിയാക്കി (A4)സൈസിൽ വൃത്തിയായി എഴുതി കളർ നൽകി ലാമിനേഷൻ ചെയ്ത വായനാ കാർഡ് നിർമ്മിക്കുക | | | |
| 12 | മത്സരങ്ങളുടെ ലോകം: | മുഴുവൻ വിദ്യാർത്ഥികളിലെയും വ്യത്യസ്ഥ കഴിവുകളെ പരിപോഷിക്കുന്നതിന (അറബിക്) മത്സരങ്ങൾ സംഘടിപ്പിക്കുക, ഉദാഹരണം:<br>1. ക്വിസ്<br>2. പദ നിർമ്മാണം<br>3. കഥ പറയൽ<br>4. കവിത ചൊല്ലൽ<br>5. പദപ്രശ്നം<br>6. കളറിങ്<br>7. മെമ്മറി ടെസ്റ്റ്<br>8. ഗദ്യ വായന<br>9. ആംഗ്യ ഗാനം<br>10. ഖുർആൻ പാരായനം<br>11. പദപ്പയറ്റ്<br>12. പസിൽസ് | | | |
| 13 | ദിനാചരണങ്ങൾ: | സ്കൂളിൽ നടക്കുന്ന ദിനാചരണങ്ങളിൽ അദ്ധ്യാപകന്റെ സഹായത്തോടെ കുട്ടികൾ ചാർട്ടിൽ പോസ്റ്റർ നിർമ്മിക്കുന്നു<br>• നേരത്തെ | 1 വർഷം | | |

| | | | | | |
|---|---|---|---|---|---|
| | | നിശ്ചയിച്ചതനുസരിച്ച് ഓരോ ദിനങ്ങൾക്കുമുള്ള പോസ്റ്ററുകൾ നിർമ്മിക്കുന്നു (ഗ്രൂപ്പ് പ്രവർത്തനം) | | | |